**STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH**
Department of Technical Education, Govt. of Kerala
**HMT Junction, Kalamassery, Kochi – 683 104**
*E-mail: sitttr@gmail.com, jd_cdc@yahoo.com*
***Phone & Fax: 0484 2542355*** Web: www.sitttrkerala.ac.in

150 YEARS OF CELEBRATING THE MAHATMA

No.P3/3508/2019 19.11.2020

# ഓൺലൈൻ സ്പോട്ട് അഡ്മിഷൻ - അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

1. കോവിഡ്-19 വ്യാപന പശ്ചാത്തലത്തിൽ ജില്ലാതലത്തിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന സ്പോട്ട് അഡ്മിഷൻ സംസ്ഥാനതലത്തിൽ ഓൺലൈനായി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ആയതിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതും പുതുതായി ചേരുവാൻ താല്പര്യമുള്ള 10 ഓപ്ഷനുകൾ വരെ ഓൺലൈനായി സമർപ്പിക്കാവുന്നതുമാണ്. നിലവിൽ ലഭ്യമായ ഒഴിവുകൾ പോളിടെക്നിക് കോളേജ് അടിസ്ഥാനത്തിൽ www.polyadmission.org എന്ന വെബ്സൈറ്റിലെ vacancy position എന്ന ലിങ്ക് വഴി മനസ്സിലാക്കാവുന്നതാണ്. ഒഴിവുകൾ പരിശോധിച്ചതിനുശേഷം മാത്രമേ പുതിയതായി ഓപ്ഷൻ നൽകുവാൻ പാടുള്ളൂ. പഴയ ഓപ്ഷനുകൾ റദ്ദാകുന്നതിനാൽ ഓൺലൈൻ സ്പോട്ട് അഡ്മിഷനിലേക്ക് പഴയ ഓപ്ഷനുകൾ പരിഗണിക്കുന്നതല്ല. ഇപ്പോൾ നടത്തുന്ന രജിസ്ട്രേഷൻ ഈ ഒരു സ്പോട്ട് അഡ്മിഷനിലേയ്ക്ക് മാത്രമേ ബാധകമായിരിക്കുകയുള്ളൂ.
2. നിലവിൽ അഡ്മിഷൻ ലഭിച്ചവരിൽ സ്ഥാപനമാറ്റമോ ബ്രാഞ്ച് മാറ്റമോ ആഗ്രഹിക്കുന്നവർക്കും, പുതിയതായി അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്നവർക്കും (റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ)ഓൺലൈൻ സ്പോട്ട് അഡ്മിഷനു വേണ്ടി രജിസ്റ്റർ ചെയ്യാവുന്നതാണ്.
3. അപേക്ഷകർക്ക് **21/11/2020** മുതൽ **24/11/2020** വരെ അഡ്മിഷൻ വെബ്സൈറ്റിലെ "Spot Admission Registration" എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓൺലൈൻ സ്പോട്ട് അഡ്മിഷനു വേണ്ടി പ്രത്യേകം രജിസ്റ്റർ ചെയ്യാത്തവരെ സ്പോട്ട് അഡ്മിഷനിൽ പങ്കെടുപ്പിക്കുന്നതല്ല.
4. ആപ്ലിക്കേഷൻ നമ്പരും ജനനതീയതിയും നല്കുമ്പോൾ ലഭിക്കുന്ന ഒടിപി ഉപയോഗിച്ച് അപേക്ഷകന് റജിസ്ട്രേഷൻ പൂർത്തിയാക്കാവുന്നതാണ്.
5. പുതുതായി നൽകിയ ഓപ്ഷനുകൾക്കനുസരിച്ച് **25/11/2020ന്** സ്പോട്ട് അഡ്മിഷൻ സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. അപേക്ഷകർക്ക് "Check Your Allotment" എന്ന ലിങ്ക് വഴി തങ്ങളുടെ സ്പോട്ട് അഡ്മിഷൻ അലോട്ട്മെൻറ് പരിശോധിക്കാവുന്നതും അഡ്മിഷൻ ലഭിച്ച സ്ഥാപനത്തിൽ **30/11/2020**നുള്ളിൽ എല്ലാ അസ്സൽ രേഖകളും സമർപ്പിച്ച് മുഴുവൻ ഫീസടച്ച് അഡ്മിഷൻ നേടാവുന്നതാണ്. മറ്റേതെങ്കിലും പോളിടെക്നിക് കോളേജിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ള അപേക്ഷകനാണെങ്കിൽ അഡ്മിഷൻ സ്ലിപ്പും, ഫീ രസീതും ഹാജരാക്കിയാൽ മതിയാകും.
6. അഡ്മിഷൻ സമയത്ത് നേരത്തെ ഹാജരാക്കിയതിൽ കൂടുതൽ സർട്ടിഫിക്കറ്റുകൾ ആവശ്യമാണെങ്കിൽ (eg:Quota change-community, income certificate etc..) അതും കൈവശമുണ്ടായിരിക്കേണ്ടതാണ്. അപേക്ഷകനോടൊപ്പം പത്തുവയസ്സിൽ താഴെയുള്ള കുട്ടികളെയോ 65 വയസ്സിനു മുകളിൽ പ്രായമുള്ളവരെയോ അഡ്മിഷൻ സ്ഥലത്തേക്ക് പ്രവേശിപ്പിക്കുന്നതല്ല. കോവിഡ്-19 മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതും നിർബന്ധമായും മാസ്ക് ധരിക്കേണ്ടതുമാണ്. പനിയോ മറ്റ് കോവിഡ് സംബന്ധമായ രോഗ ലക്ഷണങ്ങൾ ഉള്ളവർ യാതൊരുകാരണവശാലും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ പാടില്ലാത്തതും അവർ നിശ്ചിത പ്രോക്സി ഫോമിൽ അധികാരപ്പെടുത്തിയ വ്യക്തികളെ അഡ്മിഷനു പങ്കെടുപ്പിക്കേണ്ടതുമാണ്.
7. അപേക്ഷാ ഫോറത്തിൽ പ്രതിപാദിക്കാത്ത അവകാശങ്ങൾ അഡ്മിഷൻ സമയത്ത് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH, KALAMASSERY-683104 * GOVERNMENT OF KERALA * DEPT. OF TECHNICAL EDUCATION

**ജോയിന്റ് ഡയറക്ടർ (ഇൻ-ചാർജ്)**

www.polyadmission.org